# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1250 — 12.03.15 ൽ – മറുപടിക്ക്

## പുതിയ റേഷൻകാർഡ് – നടപടിക്രമങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | പുതിയ റേഷൻകാർഡുകൾ നൽകുന്ന നടപടി ക്രമങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) 30.06.15 ൽ നടപടികൾ പൂർത്തിയാക്കി 01.07.15–ൽ പുതിയ കാർഡുകൾ വിതരണം ചെയ്യുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | റേഷൻകാർഡുകൾ പുതുക്കുന്നതിന് സംബന്ധിച്ച നടപടിക്രമങ്ങൾ ലളിത-മാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) റേഷൻ കാർഡുകൾ പുതുക്കുന്നതിനായി നൽകിയിട്ടുള്ള അപേക്ഷാ ഫാറത്തോടൊപ്പം പൂരിപ്പിക്കാനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഫോട്ടോ ക്യാമ്പുകളിൽ അപേക്ഷാഫാറം പൂരിപ്പിക്കുന്നതിന് സഹായം ആവശ്യമുണ്ടെങ്കിൽ നൽകാൻ ഹെൽപ്പ് ഡെസ്ക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. നിലവിലെ വസ്തുതകളിൽ നിന്നും വ്യതിയാനം ഉണ്ടെങ്കിൽ മാത്രം ബന്ധപ്പെട്ട രേഖകൾ സമർപ്പിച്ചാൽ മതിയാകുന്നതാണ്. പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്. |
| (സി) | പ്രായാധിക്യം, രോഗം, വൈകല്യം എന്നിവ കാരണം മുതിർന്ന കുടുംബ-നാഥക്ക് ഫോട്ടോയെടുക്കുന്നതിന് പോകുവാൻ കഴിയില്ലെങ്കിൽ പകരം എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; | (സി) പ്രായാധിക്യമുള്ളവർ, ശയ്യാവലംബർ എന്നീ ഫോട്ടോ ക്യാമ്പുകളിൽ എത്തിച്ചേരുവാൻ കഴിയാത്തവർക്കായി ഫോട്ടോ എടുക്കാൻ സൗകര്യം ലഭ്യമാക്കും. ഇതുകൂടാതെ മുകളിൽ പരാമർശിച്ചിരിക്കുന്ന ഏതെങ്കിലും കാരണത്താൽ ക്യാമ്പിൽ എത്താൻ കഴിയാത്തവരുടെ സാക്ഷ്യപത്രം വഴി അവർ ചുമതലപ്പെടുത്തുന്ന കുടുംബത്തിലെ അംഗ-ത്തിന്റെ പേരിൽ റേഷൻകാർഡ് അനുവദിച്ച് നൽകുന്നുണ്ട്. |
| (ഡി) | ഇതുമൂലം പ്രസ്തുത കുടുംബത്തിന് ആനുകൂല്യങ്ങളിൽ എന്തെങ്കിലും കുറവ് സംഭവിക്കുമോ; ഒരു വീട്ടിൽ ഒന്നിലധികം കുടുബങ്ങളായി താമസിക്കുന്നുവെങ്കിൽ വ്യത്യസ്ത കാർഡുകൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) അർഹതയുള്ളവർക്ക് ആനുകൂല്യങ്ങളിൽ കുറവ് സംഭവിക്കില്ല. തദ്ദേശ സ്വയംഭരണ അധികൃതർ നൽകുന്ന ഭവനനിവാസ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു വീട്ടിൽ ഒന്നിലധികം കുടുംബങ്ങളായി താമസിക്കുന്നവർക്ക് വ്യത്യസ്ത കാർഡുകൾ നൽകുന്നതാണ്. |

Sd/-
*സെക്ഷൻ ഓഫീസർ*